ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പഹൽഗാം ഭീകരാക്രമണത്തിന് പിന്നാലെ കേന്ദ്രസർക്കാർ പാകിസ്ഥാനെതിരെ സ്വീകരിച്ച നടപടികൾക്ക് പിന്തുണ അറിയിച്ച് രാഷ്ട്രീയ പാർട്ടികൾ. കടുത്ത നടപടികളിലേക്ക് കടക്കുമെന്ന് കേന്ദ്രം.

**Leaders cutting across party lines assure full support to government for any action to be taken over Pahalgam terror attack.**

2) സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ശ്രീനഗറിലെത്തി. നിയന്ത്രണ രേഖയിലെ വിവിധ ഭാഗങ്ങളിൽ പാകിസ്ഥാൻ വെടി നിർത്തൽ കരാർ ലംഘിച്ചതായി റിപ്പോർട്ടുകൾ

**Army Chief General Upendra Dwivedi reached Srinagar today to review the security situation in the wake of Pahalgam terror attack. Ceasefire violations by the Pakistan Army have been reported from multiple points along the Line of Control.**

3) പഹൽഗാമിൽ വെടിയേറ്റു മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രന് ജന്മനാടിൻറെ അന്ത്യാഞ്ജലി. സംസ്കാര

ചടങ്ങുകൾ ഔദ്യോഗിക ബഹുമതികളോടെ അൽപസമയത്തിനകം നടക്കും.

In Kerala, several hundreds of people today paid homage to Kochi native, N Ramachandran, one of the victims of the Pahalgam terror attack.

4) ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് അന്തിമോപചാരം അർപ്പിച്ച് ആയിരങ്ങൾ. സംസ്കാര ചടങ്ങുകളിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും.

Thousands of people paid tribute to Pope Francis. President Droupadi Murmu will be on a two day visit to Vatican City from today to attend the State Funeral

5) ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ് ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും

In IPL, Chennai Super Kings will take on Sunrisers Hyderabad today

&&&&&&&&&&&&&&&&&&

## ALL PARTY -INTRO

പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി പാകിസ്ഥാനെതിരെ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികൾക്ക് പിന്തുണ അറിയിച്ച് രാഷ്ട്രീയ പാർട്ടികൾ. കേന്ദ്രം ഇന്നലെ വിളിച്ചു ചേർത്ത സർവകക്ഷി യോഗത്തിലാണ് പ്രതിപക്ഷ കക്ഷികൾ ഉൾപ്പെടെ പിന്തുണ അറിയിച്ചത്. ഭീകരാക്രമണത്തിൻറെ വിശദാംശങ്ങളും, തുടർനടപടികളും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് യോഗത്തിൽ വിശദീകരിച്ചു. കടുത്ത നടപടികളിലേക്ക്

കടക്കുമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയതായും പാർലമെൻററികാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു.

(ഹോൾഡ്)

സർക്കാരിൻറെ എല്ലാ നടപടികൾക്കും പ്രതിപക്ഷത്തിൻറെ പൂർണ പിന്തുണയുണ്ടെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി യോഗത്തിന് ശേഷം മാധ്യമങ്ങളോട് പറഞ്ഞു. ആക്രമണത്തെ അപലപിക്കുന്നതായും, ജമ്മുകശ്മീരിൽ സമാധാനം പുനസ്ഥാപിക്കാൻ എല്ലാ ശ്രമങ്ങളും നടത്തണമെന്നും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ അഭിപ്രായപ്പെട്ടു.

(ഹോൾഡ്)

കേന്ദ്ര സർക്കാരിൻറെ എല്ലാ തീരുമാനങ്ങൾക്കും ഒപ്പമുണ്ടെന്ന് AIMIM നേതാവ് അസദുദീൻ ഒവൈസി പറഞ്ഞു. രണ്ട് മണിക്കൂർ നീണ്ട സർവകക്ഷി യോഗത്തിൽ 15 രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളാണ് പങ്കെടുത്തത്.

&&&&&&&&&&&&&&&&&&&

## ARMY CHIEF VISIT JK

പഹൽഗാം ഭീകരാക്രമണത്തെ തുടർന്നുള്ള സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ശ്രീനഗറിലെത്തി. ആക്രമണം നടന്ന ബൈസരൺ

വനമേഖല അദ്ദേഹം സന്ദർശിച്ചേക്കും. കശ്മീർ താഴ്വരയിലും നിയന്ത്രണ രേഖയിലും സൈന്യം സ്വീകരിച്ച, ഭീകര വിരുദ്ധ നടപടികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഉന്നത സൈനിക കമാൻഡർമാർ കരസേനാ മേധാവിയെ ധരിപ്പിക്കും.

വടക്കൻ കശ്മീരിലെ കുപ്വാര മേഖലയിൽ നിയന്ത്രണ രേഖയിലെ വിവിധ ഭാഗങ്ങളിൽ പാകിസ്ഥാൻ വെടി നിർത്തൽ കരാർ ലംഘിച്ചതായി റിപ്പോർട്ടുകളുണ്ട്. രജൗരി, പൂഞ്ച് മേഖലകളിൽ നിന്നും സമാന റിപ്പോർട്ടുകളാണ് വരുന്നത്. പ്രകോപനങ്ങൾക്ക് ഇന്ത്യൻ സേന ഉചിതമായ തിരിച്ചടി നൽകുന്നുണ്ട്. ജീവാപായമുണ്ടായതായി ഇതുവരെ റിപ്പോർട്ടുകളില്ല.

&&&&&&&&&&&&&&&&&&&

**N RAMACHANDRAN**

പഹൽഗാമിൽ ഭീകരാക്രമണത്തിൽ വെടിയേറ്റു മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രന് ജന്മനാടിൻറെ അന്ത്യാഞ്ജലി. ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ രാവിലെ എത്തിച്ച മൃതദേഹത്തിൽ സമൂഹത്തിൻറെ നാനാതുറകളിൽ പെട്ടവർ അന്തിമോപചാരം അർപ്പിച്ചു. സംസ്ഥാന ഗവർണർ രാജേന്ദ്ര അർലേക്കർ, ഗോവ ഗവർണർ പി എസ് ശ്രീധരൻപിള്ള, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ പി രാജീവ്, എ കെ

ശശീന്ദ്രൻ, ഉൾപ്പെടെ നിരവധി പ്രമുഖർ അന്തിമോപചാരം അർപ്പിക്കാൻ എത്തി. സംസ്കാരചടങ്ങുകൾ ഇടപ്പള്ളി പൊതുശ്മശാനത്തിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടക്കും.

&&&&&&&&&&&&&&&&&&&

## GOVT–RESTRICTIONS

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ സിന്ധു നദീജല കരാർ മരവിപ്പിച്ചത് സംബന്ധിച്ച് പാകിസ്ഥാൻ സർക്കാരിന് ഔദ്യോഗിക അറിയിപ്പ് നൽകി ഇന്ത്യ. ജലശക്തി മന്ത്രാലയം ഇതുസംബന്ധിച്ച് പാകിസ്ഥാൻ ജല വിഭവ മന്ത്രാലയത്തിന് കത്തയച്ചു. ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ പാപാക് പൗരന്മാർക്ക് ഏർപ്പെടുത്തിയ വിസ റദ്ദാക്കൽ, പാകിസ്ഥാനിലെ ഹിന്ദു പൗരന്മാർക്ക് അനുവദിച്ചിട്ടുള്ള ദീർഘ കാല വിസകൾക്ക് ബാധകമല്ലെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. മെഡിക്കൽ വിസ ഉൾപ്പെടെ റദ്ദാക്കാനാണ് കേന്ദ്രം നടപടി സ്വീകരിച്ചത്.

&&&&&&&&&&&&&&&&&&&

## PAK AIR SPACE

പഹൽഗാം ആക്രമണത്തിൻറെ പശ്ചാത്തലത്തിൽ ഇന്ത്യൻ വിമാനങ്ങൾ പാക് വ്യോമ മേഖലയിൽ പ്രവേശിക്കുന്നത്

തടഞ്ഞ് പാകിസ്ഥാൻ. അന്താരാഷ്ട്ര യാത്രകൾക്കായി ബദൽ വ്യോമപാതകൾ ഉപയോഗപ്പെടുത്തുമെന്ന് എയർ ഇന്ത്യ ഉൾപ്പെടെയുള്ള എയർലൈൻസുകൾ അറിയിച്ചു. നടപടി ചില രാജ്യാന്തര സർവീസുകളെ ബാധിക്കാൻ സാധ്യതയുണ്ടെന്ന് ഇൻഡിഗോ എയർലൈൻസ് വ്യക്തമാക്കി. യാത്രകളുടെ സമയദൈർഘ്യത്തിൽ ഇതുമൂലം ഉണ്ടാകുന്ന മാറ്റം, സർവീസുകളുടെ വിശദാംശങ്ങൾ എയർലൈനുകൾ അറിയിക്കുന്നതോടെ വ്യക്തമാകുമെന്ന് എയർ ട്രാഫിക് കൺട്രോളിങ്ങ് വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

## DAY. BANDIPORA ENCOUNTER

വടക്കൻ കശ്മീരിലെ ബന്ദിപ്പോര മേഖലയിൽ സുരക്ഷാ സേനയും, ഭീകരരുമായി ഇന്ന് പുലർച്ചെയുണ്ടായ കനത്ത വെടി വയ്പ്പിനെത്തുടർന്ന്, സുരക്ഷാ നടപടികൾ ശക്തമാക്കി. വനമേഖലയിൽ ഭീകര സാന്നിധ്യമുണ്ടെന്ന രഹസ്യ വിവരത്തിൻ്റെ അടിസ്ഥാനത്തിൽ സേനയും, ജമ്മു കശ്മീർ പോലീസും തിരച്ചിൽ നടത്തുന്നതിനിടെയാണ് വെടിവയ്പ്പുണ്ടായത്. ഏറ്റുമുട്ടലിൽ ഇതുവരെ ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രദേശത്ത് സൈനിക നടപടികൾ തുടരുകയാണ്.

&&&&&&&&&&&&&&&&&&

## DELHI – TRADERS BANDH

പഹൽഗാം ഭീകരാക്രമണത്തിൽ പ്രതിഷേധിച്ച് ന്യൂഡൽഹിയിലെ വിവിധ മാർക്കറ്റുകളിൽ വ്യാപാരികൾ ഇന്ന് ബന്ദ് ആചരിക്കുന്നു. ചാന്ദ്നി ചൗക്കിൽ നിന്ന് ചുവപ്പ് കോട്ടയിലേക്ക് മാർച്ചും സംഘടിപ്പിച്ചു. എട്ട് ലക്ഷത്തിലധികം വ്യാപാരികൾ പങ്കെടുക്കുന്ന ബന്ദിൻറെ ഭാഗമായി 900 ത്തിലധികം കടകൾ അടച്ചിട്ടിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

## PREZ DEPARTURE VATICAN CITY

ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപതി മുർമു വത്തിക്കാനിലേക്ക് യാത്ര തിരിച്ചു. കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, ജോർജ്ജ് കുര്യൻ തുടങ്ങിയവർ രാഷ്ട്രപതിക്കൊപ്പമുണ്ട്. നാളെ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 – ഓടെയാണ് ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങുകൾ ആരംഭിക്കുക. അദ്ദേഹത്തിൻറെ ആഗ്രഹ പ്രകാരം റോമിലെ സെൻറ് മേരി മേജർ ബസലിക്കയിലാണ് അന്ത്യവിശ്രമം ഒരുക്കുന്നത്. സെൻറ് പീറ്റേഴ്സ് ബസലിക്കയിൽ നടക്കുന്ന പൊതുദർശനത്തിൽ ആയിരങ്ങൾ പോപ്പിന് അന്ത്യാദരം അർപ്പിച്ചു. സംസ്കാര

ചടങ്ങിൽ കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## TN – VICE PRESIDENT

സർവകലാശാലാ വൈസ് ചാൻസലർമാരുടെ രണ്ട് ദിവസത്തെ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ തമിഴ്നാട്ടിലെത്തി. കേന്ദ്ര, സംസ്ഥാന, സ്വകാര്യ സർവകലാശാലകളിൽ നിന്നുള്ള വൈസ് ചാൻസലർമാരാണ് യോഗത്തിൽ പങ്കെടുക്കുന്നത്..

&&&&&&&&&&&&&&&&&&

## MUTHALAPPOZHI

മുതലപ്പൊഴി അഴിമുഖത്തെ മണൽനീക്കം വേഗത്തിലാക്കാൻ കണ്ണൂർ അഴീക്കലിൽ നിന്നുമെത്തിക്കുന്ന മാരിടൈം ബോർഡിന്റെ വലിയ ഡ്രെജ്ജർ ഇന്ന് രാവിലെ മുതലപ്പൊഴിയിലെത്തി. ഏറ്റവും വേഗത്തിൽ മണൽനീക്കം സാധ്യമാക്കുക എന്നതാണ് മത്സ്യത്തൊഴിലാളികളുടെ ആവശ്യം.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയിലേക്ക് പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും ഇന്ന് കൂടി അറിയിക്കാം. പരിപാടിയുടെ 121-ാ ാം പതിപ്പ് ഞായറാഴ്ച പ്രക്ഷേപണം ചെയ്യും. MY GOV ഓപ്പൺ ഫോറത്തിലൂടെയും, നമോ ആപ്പിലൂടെയും, 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## SIKKIM – LANDSLIDE

വടക്കൻ സിക്കിമിലെ വിവിധയിടങ്ങളിൽ വൻ മണ്ണിടിച്ചിൽ. ശക്തമായ മഴയെ തുടർന്നാണ്

ലാചെൻ ചുങ്താങ്, ലാച്ചുങ് ചുങ്താങ് മേഖലയിൽ മണ്ണിടിച്ചിലുണ്ടായത്..

&&&&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ് ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30 ന് ചെന്നൈയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ, റോയൽ ചലഞ്ചേഴ്സ് ബെംഗളുരു 11 റൺസിസ് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&&

## 2ND YOGASANA CHAMPIONSHIPS

രണ്ടാമത് ഏഷ്യൻ യോഗാസന ചാമ്പ്യൻഷിപ്പിന് ന്യൂഡൽഹിയിൽ ഇന്ന് തുടക്കം. ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഈ മാസം 27 വരെ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ 21 ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള 170-ലധികം അത്‌ലറ്റുകൾ പങ്കെടുക്കും. യോഗയെ കായിക ഇനമായി പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമത്തിന്റെ ഭാഗമാണ് പരിപാടി.

&&&&&&&&&&&&&&&&&&&

## US – RUSSIAN STRIKE ON KYIV

യുക്രയിൻ തലസ്ഥാനമായ കീവിൽ റഷ്യ കഴിഞ്ഞ ദിവസം നടത്തിയ മിസൈൽ ആക്രമണങ്ങളിൽ അതൃപ്തി പ്രകടിപ്പിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ആക്രമണത്തിൽ 12 പേർ കൊല്ലപ്പെടുകയും 90 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനോട് ട്രംപ് ആവശ്യപ്പെട്ടു. പരിഹാര മാർഗങ്ങൾ ചർച്ച ചെയ്യാൻ ട്രംപിന്റെ പ്രത്യേക ദൂതൻ സ്റ്റീവ് വിറ്റ് കോഫ് ഇന്ന് മോസ്കോയിൽ റഷ്യൻ പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## ESIC – EMPLOYEE

ഈ വർഷം ഫെബ്രുവരിയിൽ 15 ലക്ഷത്തി 43 ആയിരം പുതിയ തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കേന്ദ്ര തൊഴിൽ മന്ത്രാലയം. ഇതിൽ 7.36 ലക്ഷം പേർ 25 വയസ്സിന് താഴെ പ്രായമുള്ളവരാണെന്നും മന്ത്രാലയം അറിയിച്ചു. ഫെബ്രുവരിയിൽ 23 ആയിരത്തിലധികം പുതിയ സ്ഥാപനങ്ങളെയാണ് ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നത്.

&&&&&&&&&&&&&&&&&&

## WAYANAD –ELEPHANT

വയനാട്ടിൽ തുടർച്ചയായി നടക്കുന്ന കാട്ടാന ആക്രമണത്തിൽ പ്രതിഷേധിച്ചു നാട്ടുകാർ. സൗത്ത് ഡിഎഫ് ഓ അജിത്കുമാർ നാട്ടുകാരുമായി നടത്തിയ ചർച്ചകൾക്കൊടുവിലാണ് കഴിഞ്ഞ ദിവസം കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മേപ്പാടി എരുമക്കൊല്ലി സ്വദേശി അർമുഖന്റെ മൃതദേഹം ഇൻക്വസ്റ്റ് നടപടികൾക്കായി വിട്ടുനല്കിയത്. മൃതദേഹം സുൽത്താൻ ബത്തേരി താലൂക് ആശുപത്രിയിൽ പോസ്റ്റുമാർട്ടം നടത്തി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&